**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5413** **12-08-2021 - ൽ മറുപടിയ്ക്ക്**

**അക്കൗണ്ടിംഗ് സുതാര്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി അക്കൗണ്ടിംഗ് സുതാര്യവും കുറ്റമറ്റതുമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | സഹകരണ ബാങ്കുകളിൽ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി അക്കൗണ്ടിംഗ് സുതാര്യവും കുറ്റമറ്റതു മാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 1. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ മാർഗ്ഗ നിർദ്ദേശം ആഡിറ്റർമാർക്ക് നൽകി യിട്ടുണ്ട്. 2. ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധിച്ച് തുടർച്ചയായ പരിശീലനം നൽകി വരുന്നു. 3. സ്വർണ്ണപണയ പണ്ടങ്ങളുടെ പരിശോ ധന കാലാനുസൃതമായി കാര്യക്ഷമ മായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി യിട്ടുണ്ട്. 4. വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/ സംസ്ഥാനതലത്തിലും നടത്തുന്നുണ്ട്. 5. പരിഷ്കരിച്ച ആഡിറ്റ് മാന്വൽ പ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർ മാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു. 6. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 7. അനുപാത വിശകലനം നടത്തി സംഘ ത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 8. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നട പടികൾ സ്വീകരിച്ചു വരുന്നു. 9.ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ആവശ്യ മായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ